3

8641

8

**ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**

**( ഹാജർ : ഡോ. കെ.എം. രാമാനന്ദൻ. ഐ.എ.എസ്. )**

**( പബ്ളിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ. തിരുവനന്തപുരം 33 )**

തീയതി: 20-03-2008.

എൽ.ആർ. (എ)3- 21472 / 05

വിഷയം കേരള മുദ്രപത്ര നിയമം 54 ( I ) പ്രകാരം അറകുളം സബ് രജിസ്ട്രാറാഫീസിലെ പി 2 / 2004 നമ്പർ ബന്തവസ്സാധാരത്തിന്മേലൽ ഇടുക്കി ജില്ലാ രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ, തൊടുപുഴ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക് സെക്രട്ടറി സമർപ്പിച്ച അപ്പീൽ ഹർജി - ഉത്തരവായി

സൂചന 26-04-2005 ലെ അപ്പീൽ പരാതി

അറകുളം സബ് രജിസ്ട്രാറാഫീസിലെ പി 2 / 2004 നമ്പർ ബന്തവസ്സാധാരത്തിന് 12,324 /- രൂപ മുദ്ര സലയും . 100 /- രൂപ പിഴയും അടയ്ക്കണെമെന്ന് ഇടുക്കി ജില്ലാ രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച 31-03-2005 ലെ (INS) I - 900/04 നമ്പർ ഉത്തരവിനെതിരെയാണ് തൊടുപുഴ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക് സെക്രട്ടറി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത ബന്തവസ്സാധാരം ബാങ്ക് സെക്രട്ടറി പേർക്ക് സെയിൽ ഓഫീസർ വെള്ളക്കടലാസിൽ തയ്യാറാക്കി നല്കിയ സെയിൽ സർട്ടിഫിക്കറ്റാണെന്ന് കാണുന്നു. അപ്പീൽ പരാതി പരിശോധിച്ചതിൽ ടി ബാങ്കിൽ വസ്തു പണയപ്പെടുത്തി എടുത്ത ലോൺ തിരിച്ചടയ്ക്കാത്തതിനാൽ, ലോൺ കുടിശ്ശിക ഉള്ള പണയ വസ്തുക്കൾ സൊസൈറ്റിയിലേയ്ക്ക് കണ്ടു കെട്ടുന്നതിനായി 24-04-2002 ൽ തീരുമാനമെടുത്തിട്ടുള്ളതായും കാണുന്നു. എന്നാൽ ബന്തവസ്സാധാരം പരിശോധിച്ചതിൽ ജപ്തി ചെയ്ത് ലേലം ചെയ്യുന്ന വസ്തുക്കൾ വാങ്ങുന്നത് ബാങ്കിന്റെ ബൈലോ പ്രകാരം ഡയറക്ടർ ബോർഡ് തീരുമാനമനുസരിച്ചാണോയെന്നും. വസ്തു വാങ്ങുന്നത് ബാങ്കിന്റെ കാര്യ നിർവ്വഹണവുമായി ബന്ധപ്പെട്ടതാണണോയെന്നും. ബന്തവസ്സാധാരത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 08-10-1960 ലെ ജി. ഒ. ( എം. എസ്) 795 / 60 / അഗ്രി പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കണമെങ്കിൽ . വസ്തു വാങ്ങുന്നത് ബാങ്കിന്റെ നിയമാവലി അനുസരിച്ചുള്ള ബിസിനസ്സ് ആവശ്യാർത്ഥമാണെന്നും ബാങ്കിന്റെ കാര്യ നിർവ്വഹണവുമായി ബന്ധപ്പെട്ടതാണെന്നും ആധാരത്തിൽ വ്യക്തമാക്കേണ്ടതാണെന്ന് കാണുന്നു. 12-07-1991 ലെ 10968 /

ഇ2 / 91 / നികുതി വകുപ്പ് നമ്പർ സർക്കാർ കത്തിൽ സഹകരണ സംഘത്തിന്റെ കാര്യ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യത്തിനാണ് ആധാരം ചമയ്ക്കുന്നതെന്ന് ആധാരത്തിൽ ഉണ്ടായിരിക്കണമെന്ന് വ്യക്തമാക്കിയിരിക്കുന്നു.

ഇതു സംബന്ധിച്ചു രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ടിൽ അറകുളം സബ് രജിസ്ട്രാറാഫീസിലെ പി 2 / 2004 നമ്പർ ബന്തവസ്സാധാരത്തിന്റെ സമാന സ്വഭാവമുള്ള കാരിക്കോട് സബ് രജിസ്ട്രാറാഫീസിലെ ആധാരത്തിന് ജില്ലാ രജിസ്ട്രാർ നല്കിയ ഉത്തരവിനെതിരെ ബാങ്ക് നല്കിയ W. A. No. 1280/04 കേസിന്റെ വിധി ന്യായത്തിൽ സെയിൽ സർട്ടിഫിക്കറ്റിന് മുദ്ര വിലയിളവിന് അർഹതയില്ലായെന്ന് ഉത്തരവായിട്ടുണ്ടെന്നും, സർട്ടിഫിക്കറ്റിന് 08-10-19960 ലെ ജി ഒ ( എം. എസ്) 795 / 60 / അഗ്രി ടി സെയിൽ സർട്ടഫിക്കറ്റിന് 08-10-19960 ലെ ജി ഒ ( എം. എസ്) 795 / 60 / അഗ്രി ടി പ്രകാരമുള്ള മുദ്രയിളവിന് അർഹതയല്ലായെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ അറകുളം സബ് രജിസ്ട്രാറാഫീസിലെ പി 2 / 2004 നമ്പർ ബന്തവസ്സാധാരത്തിനും മുദ്ര വിലയിളവ് അനുവദനീയമല്ലെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു /

ഇതു സംബന്ധിച്ചു സർക്കാർ തീരുമാനം ആരാഞ്ഞതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W. A. No. 1280/04 മേലുള്ള വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ അറകുളം സബ് രജിസ്ട്രാറാഫീസിലെ പി 2 / 2004 നമ്പർ ബന്തവസ്സാധാരത്തിന് മുദ്രയിളവിന് അർഹതയില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്.

20-02-2008 - ന് മൂന്ന് മണിക്ക് നിശ്ചയിച്ചിരുന്ന വിചാരണയിൽ കക്ഷികൾ ആരും തന്നെ ഹാജരാകാതിരുന്നതിനാലും മേൽ വസ്തുക്കളുടെ അടിസ്ഥാനത്തിലും, അപ്പീൽ തള്ളി ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

rd

ഫയൽനമ്പർ നം 8804-13088/05
ഉത്തരവിന്റെ പകർപ്പ് അസ്സലുമായി ഒത്തുനോക്കി ശരിയാണെന്ന് ബോധ്യപ്പെട്ടു